സ്ഥലങ്ങൾ മറ്റുചില ഉടമസ്ഥൻമാരുടേതാണെന്ന് കാണാൻ ഇടയായി. അങ്ങനെ ചില പ്രദേശങ്ങളിൽ കുറച്ച് തടസ്സങ്ങളുണ്ടായിട്ടുണ്ട്. അത്തരം പ്രദേശങ്ങൾ മുഴുവൻ ഒന്നിച്ചെടുത്ത് അതിനൊരു പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയാണ്. കഴിഞ്ഞയാഴ്ച ഞാൻ വയനാട് പോയിരുന്നു. അവിടെ കുറെയേറെ പേർക്ക് പട്ടയം കൊടുക്കാൻ കഴിഞ്ഞു. ബാക്കി അവശേഷിക്കുന്ന കേസ്സുകളിലും തടസ്സങ്ങളൊഴിവാക്കി പട്ടയം കൊടുക്കാൻ ശ്രമിക്കുന്നതാണ്. അമ്പലമുകൾ ഡെപ്യൂട്ടി ക്ളക്ടറുടെ തസ്തിക നിർത്തൽ ചെയ്തതിനു ശേഷം സുൽത്താൻബത്തേരി തഹസീൽദാർക്ക് അധികാരം നൽകി ആ ജോലി തുടരുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ബഹു.എം. എൽ.എ. സൂചിപ്പിച്ചതുപോലെതന്നെ ആ പ്രദേശങ്ങളിലെ ദീർഘകാലമായി പരിഹരിക്കാത്ത പ്രശ്നങ്ങൾക്ക് ബന്ധപ്പെട്ടവരെ വിളിച്ചുകൂട്ടി, ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരേയും കക്ഷികളേയും വിളിച്ചുകൂട്ടി കഴിയുന്നതും വേഗം പരിഹാരമുണ്ടാക്കുന്നതാണ്.

(9) അഭിഭാഷകരോട് തിരുവനന്തപുരം സബ്ഡിവിഷണൽ മജിസ്ട്രേട്ട് അപമര്യാദയായി പെരുമാറിയ സംഭവം

ശ്രീ. ആന്റണി രാജു : സർ, തിരുവനന്തപുരം സബ്ഡിവിഷണൽ മജിസ്ട്രേട്ട് കോടതിയുടെ പ്രവർത്തനം കഴിഞ്ഞ ഒരാഴ്ചയായി സ്തംഭിച്ചിരിക്കുകയാണ്. ഹൈക്കോടതിയുടെ സർക്കുലറും കീഴ്വഴക്കങ്ങളും നടപടിക്രമങ്ങളുമെല്ലാം ലംഘിച്ചുകൊണ്ട് പതിവിനു വിപരീതമായി 13-12-2000-ൽ തിരുവനന്തപുരം ആർ.ഡി.ഒ. കൂടിയായ സബ് ഡിവിണൽ മജിസ്ട്രേട്ടിന് റോൾകോൾ പോലും നടത്താതെ സബ്ഡിവിഷണൽ മജിസ്ട്രേട്ടിന് ഇഷ്ടമുള്ള കേസ്സുകൾ മാത്രം തെരഞ്ഞെടുത്ത് പ്രവർത്തനമാരംഭിച്ചതാണ് പ്രശ്നങ്ങൾക്കിടയാക്കിയത്. അവിടെ സന്നിഹിതരായിരുന്ന തിരുവനന്തപുരം ബാറിലെ സീനിയർ അഭിഭാഷകരുൾപ്പെടെയുള്ളവർ നടപടിക്രമത്തിലെ അപാകതകൾ ചൂണ്ടിക്കാണിച്ചിട്ട് തെറ്റുകൾ തിരുത്താൻ തയ്യാറാകാതെ ക്ഷുഭിതനായ ആർ.ഡി.ഒ. all of you go out എന്നു പരസ്യമായി ആക്ഷേപിക്കുകയും അവിടെ പ്രക്ഷുബ്ധമായ അന്തരീക്ഷമുണ്ടാക്കുകയും ചെയ്തു. കോടതികളെ സഹായിക്കാൻ ബാദ്ധ്യസ്ഥരായ, ഉത്തരവാദിത്വമുള്ളവരെ അപമാനിക്കുകയും നടപടിക്രമങ്ങൾ ലംഘിക്കുകയും ചെയ്ത ആർ.ഡി.ഒ.യുടെ നടപടി ശക്തമായ പ്രതിഷേധത്തിനിടയാക്കിയിരിക്കുകയാണ്. കഴിഞ്ഞ ഒരാഴ്ചയായി സബ് ഡിവിഷണൽ മജിസ്ട്രേട്ട് കോടതി പ്രവർത്തിക്കുന്നില്ല. ഇതുപോലൊരു സംഭവം ആലപ്പുഴയിലും ഉണ്ടായിരിക്കുകയാണ്. ഇത് ഇപ്പോൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേസ്സുകൾ നടക്കാത്തതുമൂലം കക്ഷികൾ കഷ്ടപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷമാണുള്ളത്. ഈ സംഭവത്തെക്കുറിച്ച് തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വക്കേറ്റ് വെള്ളറട വിശ്വനാഥന്റെ നേതൃത്വത്തിൽ ബഹു.റവന്യൂ വകുപ്പുമന്ത്രിക്ക് കഴിഞ്ഞയാഴ്ച ഒരു നിവേദനവും കൊടുത്തിരുന്നു. അതുകൊണ്ട് കുറ്റക്കാരിയായ ആർ.ഡി.ഒ.യെ മാറ്റിനിർത്തി അന്വേഷണം നടത്തുകയും കോടതിയുടെ പ്രവർത്തനം അടിയന്തിരമായി പുനരാരംഭിക്കാൻ സത്വര നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, ഇതൊരു സങ്കീർണ്ണമായ പ്രശ്നമാണ്. തിരുവനന്തപുരം സബ്ഡിവിഷണൽ മജിസ്ട്രേട്ട് കോടതിയെ സംബന്ധിച്ച പ്രശ്നമാണ്. സബ്ഡിവിണൽ മജിസ്ട്രേട്ട് കോടതി സാധാരണ ബുധനാഴ്ചയാണ് സിറ്റിംഗ് നടത്താറുള്ളത്. 13.12.2000 ത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ബുധനാഴ്ച ഉച്ചകഴിഞ്ഞുള്ള സിറ്റിംഗ് സാധാരണ 2.30-ന് കൂടുന്നതിനുപകരം 2.55-നാണ് ആരംഭിച്ചത്. ഔദ്യോഗികമായ ചില ചുമതലകളുള്ളതുകൊണ്ടാണ് 25 മിനിട്ട് താമസം നേരിട്ടതെന്നാണ് ആർ.ഡി.ഒ. പറയുന്നത്. ഹിയറിംഗ് നടത്തിവരുന്ന കേസ്സുകളിൽ ക്രമംതെറ്റി വിളിച്ചുവെന്ന കാരണത്താൽ ചില പ്രശ്നങ്ങളുണ്ടായി. അതുകൊണ്ട് ക്രമപ്രകാരം തന്നെ വിളിക്കണമെന്ന് ഒരു അഭിഭാഷകൻ ആവശ്യപ്പെട്ടു. ഹിയറിംഗ് പുനഃക്രമീകരണം നടത്തണമെന്നതിന്റെ പേരിലാണ് തർക്കം ആരംഭിച്ചത്. ആ തർക്കത്തെത്തുടർന്ന് ചെറിയ സംഭാഷണങ്ങളുണ്ടായിരുന്നു. അതുകൊണ്ട് ഈ കാര്യത്തിൽ അഭിഭാഷകന് യോജിക്കാൻ ബുദ്ധിമുട്ടാണെന്ന് വന്നപ്പോൾ സബ്ഡിവിഷണൽ മജിസ്ട്രേട്ടെന്ന നിലയിൽ ആർ.ഡി.ഒ. അവരോട് പുറത്തുപോകാൻ ആവശ്യപ്പെട്ടു. അങ്ങനെയാണ് അവിടെ സംഭവങ്ങളുണ്ടാകുന്നത്. ഏതായാലും സംഭവം ജില്ലാ മജിസ്ട്രേട്ടുകൂടിയായ ജില്ലാകളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കളക്ടർ തന്നെ ഈ സബ്ഡിവിഷണൽ മജിസ്ട്രേട്ടിനെ വിളിപ്പിക്കുകയും മേലിൽ ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാൻ പരമാവധി ശ്രമിക്കണമെന്ന് നിർദ്ദേശം കൊടുക്കുകയും ചെയ്തു. ബാർ പ്രസിഡന്റുമായും കളക്ടർ പ്രശ്നങ്ങൾ ചർച്ച ചെയ്തു. അഭിഭാഷകരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചകളുണ്ടെങ്കിൽ അതാവർത്തിക്കാൻ പാടില്ലെന്ന് രണ്ടുകൂട്ടരേയും വിളിച്ച് കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി യോജിച്ചുപോകാനുള്ള ശ്രമം നടത്തുകയുണ്ടായി. ഇത് നിയമവകുപ്പ് സെക്രട്ടറിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോടതിയുമായി ബന്ധപ്പെട്ട പ്രശ്നമായതുകൊണ്ട് ബാർ അസോസിയേഷൻ പ്രസിഡന്റിനേയും ഈ കാര്യങ്ങൾ അറിയിച്ചു. എന്നാൽ അതുകൊണ്ടൊന്നും പ്രശ്നം പരിഹരിക്കപ്പെട്ടില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ബഹു. എം.എൽ.എ.യും ഈ പ്രശ്നത്തെക്കുറിച്ച് എനിക്ക് എഴുതിത്തരുകയുണ്ടായി. ബാർ അസോസിയേഷന്റെ ഭാരവാഹികളും കൂട്ടായിവന്ന് എന്നോട് സംസാരിക്കുകയുണ്ടായി. എം.എൽ.എ. തന്നെ ബാർ അസോസിയേഷന്റെ പ്രതിനധിയാണ്. അതുകൊണ്ട് എം.എൽ.എ. അടക്കമുള്ള ഭാരവാഹികളേയും ജില്ലാ കളക്ടറേയും ആർ.ഡി.ഒ.യേയും എല്ലാപേരേയും വിളിച്ച് ഞാൻ കൂടി പങ്കെടുത്ത് രമ്യമായി ഈ പ്രശ്നം പരിഹരിക്കാമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ആ അടിസ്ഥാനത്തിൽ ആ പ്രശ്നങ്ങൾക്ക് ഒരു പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എം.എൽ.എ.യുമായി ഞാൻ ഈ കാര്യം സംസാരിച്ചപ്പോൾ അദ്ദേഹത്തിനും ബോദ്ധ്യമായിട്ടുണ്ട്. അങ്ങനെ അവസാനിപ്പിക്കാം.

(10) മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ തുറന്നുപ്രവർത്തിക്കണമെന്ന ആവശ്യം

<u>ശ്രീ. യു.എസ്. ശശി</u> : സർ, മാള നിയോജകമണ്ഡലത്തിലെ പുത്തൻചിറയിൽ ആരംഭിക്കാൻ തീരുമാനിച്ച മാള കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ യാതൊരു പ്രവർത്തനവുമില്ലാതെ നശിച്ചുകൊണ്ടിരിക്കുകയാണ്. ഒരേക്കറോളം വരുന്ന സ്ഥലത്ത് ടെക്സ്റ്റയിൽ ഫെഡറേഷൻ മില്ലിനുവേണ്ടി നിർമ്മാണ പ്രവർത്തനമാരംഭിച്ച് പവർഹൗസ്, റെസ്റ്റ് ഷെഡ്ഡ്, ക്യാന്റീൻ എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ട് വർഷങ്ങളായി. യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് 95 ലക്ഷം രൂപ അഡ്വാൻസ് നൽകുകയും ചെയ്തു. 12,000 സ്പിൻഡിൽ പ്രവർത്തിപ്പിക്കാനുള്ളശേഷി മില്ലിനുണ്ടെന്നതിന്റെയടിസ്ഥാനത്തിലാണ് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. സ്പിൻഡിലുപയോഗി

1189/2010.

LIBRARY ARCHIVES Kerala Legislative Assembly